# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3298 — 21.12.2012 ൽ മറുപടിക്ക്

## നോർക്ക - റൂട്ട്സിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. റ്റി. എൻ. പ്രതാപൻ:<br>ശ്രീ. സി. പി. മുഹമ്മദ്.: | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) നോർക്ക - റൂട്ട്സിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | നിലവിലുള്ള പദ്ധതികൾക്ക് പുറമേ പ്രവാസി ലീഗൽ എയ്ഡ് സെൽ, നോർക്ക ബിസിനസ്സ് സെന്റർ, സ്വപ്ന സാഫല്യം, തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിലിനു മൂലധന സബ്സിഡി തുടങ്ങിയ പദ്ധതികൾ കൂടി ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) നോർക്ക - റൂട്ട്സ് ഇപ്പോൾ ഏതെല്ലാം തരത്തിലുള്ള സർട്ടിഫിക്കറ്റുകളാണ് സാക്ഷ്യപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | വിദേശത്ത് ജോലി തേടി പോകുന്ന നിരവധി ഉദ്യോഗാർത്ഥികൾക്കായി കേരളത്തിലെ സർക്കാർ/സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകളുടെ എച്ച്.ആർ.ഡി/ എം.ഇ.എ/എംബസ്സി അറ്റസ്റ്റേഷനുകൾക്കു |

| | | |
|---|---|---|
| | | പുറമേ, വിദ്യാഭ്യാസ/വിദ്യാഭ്യാസേതര രേഖകളുടെ വിവിധ രാജ്യങ്ങളിലേയ്ക്കുള്ള അപോസ്റ്റെൽ അറ്റസ്റ്റേഷൻ സേവനവും നോർക്ക- റൂട്ട്സിന്റെ ഓഫീസുകളിൽ ലഭ്യമാണ്. |
| (സി) സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ ജില്ലാ ആസ്ഥാനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | | (സി) യും<br>(ഡി) യും<br>സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ ഇപ്പോൾ ജില്ലാ ആസ്ഥാനങ്ങളിലും നോർക്ക റൂട്ട്സ് മേഖലാ കേന്ദ്രങ്ങൾ മുഖാന്തിരം നടത്തിവരുന്നുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ